Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

## പ്രസിദ്ധീകരണത്തിന്

വ്യാജരേഖ എന്നു പറയപ്പെടുന്ന കേസിൽ ആദിത്യ എന്ന യുവാവിനെ പൊലീസ് അറസ്റ്റു ചെയ്തതിന്റെ പശ്ചാത്തലത്തിൽ എറണാകുളം അതിരൂപതയിലെ വൈദികർ ഏറെ തെറ്റിദ്ധരിക്കപ്പെടുകയും പ്രതിക്കൂട്ടിൽ നിർത്തപ്പെടുകയും ചെയ്തിരിക്കുകയാണല്ലോ. ഈ കേസിനെ ഈ അതിരൂപതയിൽ കഴിഞ്ഞ രണ്ടുവർഷമായി നടക്കുന്ന ഭൂമിയിടപാടു കേസുമായി മനപൂർവം കൂട്ടിക്കെട്ടാനുള്ള ത്ലപര കക്ഷികളുടെ തെറ്റായ ചില നടപടികളാണ് ഇപ്പോൾ അരങ്ങേറുന്നത്. ഇതിന്റെ സത്യാവസ്ഥ ജനങ്ങളെ അറിയിക്കാനാണ് ഇതുമായി ബന്ധപ്പെട്ട് അതിരൂപതയ്ക്ക് പറയാനുള്ള കാര്യങ്ങൾ ഇവിടെ പറയുന്നത്.

കോന്തുരുത്തി ഇടവകക്കാരനും മദ്രാസ് ഐഐ.ടി ഗവേഷക വിദ്യാർത്ഥിയും ഉത്തമവിശ്വാസി യുമാണ് ആദിത്യ. ഇടവകയിൽ മതാദ്ധ്യാപകനും ഏവർക്കും പരോപകാരിയുമായിരുന്ന ആദിത്യയെക്കുറിച്ച് എല്ലാവർക്കും നല്ലതേ പറയാനുള്ളു. അതുകൊണ്ട് ഇപ്പോൾ വിവാദമായിരിക്കുന്ന രേഖകൾ ആദിത്യ നിർമ്മിച്ചു എന്നു വിശ്വസിക്കുവാൻ സാധിക്കുകയില്ല.

തന്റെ ജോലിക്കിടയിൽ തന്നെ അമ്പരിപ്പിച്ച ചില സാമ്പത്തിക ബന്ധങ്ങളുടെ രേഖകളാണ് ആദിത്യ സഭയിൽ പൊതുസമ്മതനും ഒരു പത്രാധിപരുമായ ഫാ. പോൾ തേലക്കാട്ടിന് ഈ-മെയിൽ വഴി അയ ച്ചുകൊടുത്തത്. തനിക്കു ലഭിച്ച രേഖകളുടെ സത്യാവസ്ഥ എന്താണെന്ന് അറിയാനാണ് ഫാ. തേലക്കാട്ട് രഹസ്യമായി അതിരൂപതയുടെ അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്ററായ മാർ ജേക്കബ് മനത്തോടത്തിനെ ഏല്പിച്ചത്. അദ്ദേഹം വളരെ രഹസ്യമായാണ് ഈ രേഖ കർദിനാൾ ജോർജ് ആലഞ്ചേരിയെ ഏല്പിച്ചത്. ഈ രേഖകളുടെ സത്യാവസ്ഥ അറിയാത്തതുമൂലം ഇത് പരസ്യപ്പെടുത്തുകയോ കൈമാറുകയോ ചെയ്തിട്ടില്ല. ഇത് ആദ്യമായ് പരസ്യപ്പെടുന്നത് അടച്ചിട്ട മുറിയിൽ കൂടിയ സീറോ മലബാർ സിനഡിന്റെ യോഗത്തിലാണ്.

പിന്നീട് നടന്ന കാര്യങ്ങളൊക്കെ ഈ രേഖകളെ ഉപയോഗപ്പെടുത്തി ചില തല്പര കക്ഷികൾ ഈ അതിരൂപതയ്ക്കും ഇവിടുത്തെ 5 ലക്ഷം വിശ്വാസികൾക്കും നഷ്ടപ്പെട്ട കോടിക്കണക്കിനു പണത്തിന്റെയും അതിന്റെ പുറകിൽ നടന്ന ധാർമികമായ അപജയത്തെയും തേച്ചുമാച്ചു കളയാനുള്ള ഒരു തിരക്കഥ സൃഷ്ടിക്കുകയിരുന്നു. ആ തിരക്കഥയാണ് ഇപ്പോൾ ഓരോ ഓരോ എപ്പിസോഡുകളായി പൊലിസു നടപ്പാക്കുന്നതും മാധ്യമങ്ങളിൽ എത്തുന്നതും.

സിനഡിൽ ഈ രേഖകളുടെ ഉറവിടം കണ്ടെത്തണമെന്ന തീരുമാനം ഉണ്ടായെന്നു പറയപ്പെടുന്നു. പക്ഷേ അതിനുവേണ്ടി നല്കിയ പരാതി പ്രകാരം കേസെടുത്തപ്പോൾ പ്രതികളാക്കിയത് ഫാ. പോൾ തേലക്കാട്ടിനെയും അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്ററെയുമാണ്. ഇവരെ പ്രതികളാക്കിയ കാര്യം വൻ വിവാദമായപ്പോഴാണ് മൗണ്ട് സെന്റ് തോമസിൽ നിന്നും കേസ് റദ്ദാക്കുവാൻ കർദിനാളിന്റെ സത്യവാങ്മൂലം നല്കാമെന്നു പറഞ്ഞത്. അവിടെയും അട്ടിമറികൾ നടന്നു. സത്യവാങ്മൂലം നല്കിയില്ലായെന്നു മാത്രമല്ല ഈ കേസിൽ കക്ഷി ചേരാനുള്ള അപേക്ഷയുമായി മറ്റൊരാളെ ഏല്പിക്കുകയും ചെയ്തു. ആ പരാതിയിൽ ഈ രേഖകൾ കർദിനാളിന് നേരെ നടന്ന ഗൂഢാലോചയാണ് എന്നു പറഞ്ഞുണ്ടാക്കി. അങ്ങനെ ഈ കേസിൽ പൊലിസ് അന്വേഷണം തരപ്പെടുത്തി.

ഈ അന്വേഷണത്തിന്റെ ഭാഗമായി ഫാ. പോൾ തേലക്കാട്ടിനെയും മാർ ജേക്കബ് മനത്തോടത്തിനെയും പൊലീസ് ചോദ്യം ചെയ്യുകയുണ്ടായി. അതിനുശേഷമാണ് ഫാ. തേലക്കാട്ടിന് ഈ രേഖകൾ ഈമെയിൽ വഴി അയച്ചുകൊടുത്ത ആദിത്യയെ ചോദ്യം ചെയ്യാൻ വിളിച്ചത്. മേയ് 15-ാം തീയതിയാണ് ആലുവ ഡിവൈഎസ്പിയുടെ ഓഫിസിൽ ആദിത്യയെ വിളിച്ചു വരുത്തിയത്. അന്ന് ആദിത്യയെ ചോദ്യം ചെയ്തപ്പോൾ അവൻ സത്യം മാത്രമാണ് പറഞ്ഞത്. അതിനിടെ ആ കുറ്റം ഏറ്റെടുക്കുന്നതാണ് അവന് നല്ലതെന്ന് പൊലിസുകാർ തന്നെ ആദിത്യയോട് ആവശ്യപ്പെട്ടുവെന്ന് അന്ന് രാത്രി അവന്റെ സുഹൃത്തുക്കളോട് ഭയത്തോടെ വെളിപ്പെടുത്തി. ആദ്യ ദിവസം വളരെ

Scanned by CamScanner

സൗഹൃദത്തോടെയാണ് പൊലീസ് അവനോട് പെരുമാറിയത്. എന്നാൽ പിറ്റേ ദിവസം കൂടുതൽ ചോദ്യം ചെയ്യലിനായി അവനെ വിളിച്ചു വരുത്തിയ പൊലീസ് മൂന്നു ദിവസത്തോളം അവനെ കസ്റ്റഡിയിൽ വച്ചു. മാനസികവും ശാരീരികവുമായ പീഡനങ്ങൾ ഏറ്റു തളർന്ന ആദിത്യ അവസാനം ഫാ. ടോണി കല്ലൂക്കാരൻ പറഞ്ഞിട്ടാണ് താൻ ചെയ്തതെന്ന് പൊലിസിനോട് പറഞ്ഞു. പൊലിസ് ഫാ. ടോണിയെ വിളിച്ചു വരുത്തി ചോദ്യം ചെയ്തു. ഫാ. ടോണി തന്റെ നിരപരാധിത്തം ഏറ്റുപറഞ്ഞു. പക്ഷെ ടോണിയുടെ മുമ്പിൽ വച്ച് ആദിത്യയോട് പൊലീസ് ചോദിച്ചു, ഫാ. ടോണിയല്ലെ നിന്നെ കൊണ്ട് ഇതു ചെയ്യിപ്പിച്ചത്? അവൻ ഏറെ ഭയത്തോടെ പൊലീസിനെ നോക്കിയെങ്കിലും സത്യസന്ധനായ ആദിത്യ അതു നിഷേധിച്ചു. പക്ഷെ ഫാ. ടോണി കാര്യം ചോദിച്ചപ്പോൾ അച്ചൻ ഒരിക്കലും തന്നോട് ഇങ്ങനെ ഒരു കാര്യം ചെയ്യാൻ ആവശ്യപ്പെട്ടിട്ടില്ല എന്നു അവൻ ആവർത്തിച്ചു പറഞ്ഞു. മാത്രവുമല്ല ഫാ. ടോണിയും ആദിത്യയും തമ്മിലുള്ള ഒരു സംഭാഷണ ത്തിന്റെ ശബ്ദരേഖ പൊലിസിനെ കേൾപ്പിച്ചു.

ഇതാണ് സത്യമെന്നിരിക്കെ ഫാ. ടോണിയെ അനധികൃതമായി വച്ചുകൊണ്ടിരുന്നതിനെ പ്രതി അച്ചന്റെ ഇടവകക്കാർ കൂട്ടമായി ആലുവ ഡിവൈഎസ്പി ഓഫിസിലെത്തി. പൊലീസ് അച്ചനെ വിട്ടയച്ചു. പിറ്റേ ദിവസം ആദിത്യയെ കാണാതായിട്ട് മൂന്നു ദിവസം കഴിഞ്ഞപ്പോൾ ആദിത്യയുടെ ഇടവക വികാരി ഫാ. മാത്യു ഇടശ്ശേരിയും ഇടവക ജനങ്ങളും ആലുവ ഡി.വൈഎസ്പിയുടെ ഓഫിസിലെത്തി. എങ്കിലും വളരെ തന്ത്രപരമായ് ഞായറാഴ്ച ആദിത്യയെ അറസ്റ്റുചെയ്ത് മജിസ്ട്രേറ്റിനെ മുമ്പിൽ ഹാജരാക്കി. ഇതിനിടെ ശനിയാഴ്ച രാത്രി ഏറെ വൈകിട്ട് മുരിങ്ങൂർ സാൻജോ നഗർ പള്ളിയിൽ മൂന്നു വണ്ടി പൊലിസാണ് ഫാ. ടോണിയെ ചോദ്യം ചെയ്യാൻ വന്നതാണ് എന്ന വ്യജേന എത്തിയത്. പൊലിസിന്റെ ഈ നടപടിയിൽ ഇടവക ജനം മുഴുവൻ പള്ളിയിലെത്തിയപ്പോൾ പൊലീസിന് തിരിച്ചു പോകേണ്ടി വന്നു.

ഇപ്പോൾ മാധ്യമങ്ങളിലെങ്ങും പരക്കുന്ന വാർത്തകൾ എറണാകുളം അങ്കമാലി അതിരൂപതയിലെ ഒരു കൂട്ടം വൈദികരാണ് ഈ വ്യാജരേഖയുടെ പുറകിലെന്ന്. ഭൂമിയിടപാടു കേസിൽ സത്യസന്ധമായ റിപ്പോർട്ടുകളും ഓഡിറ്റിംഗ് രേഖകളും ഇൻകം ടാക്സ് ഓഫിസിന്റെ റിപ്പോർട്ടും ഉള്ളപ്പോൾ ആലഞ്ചേരി പിതാവിനെതിരെ മറ്റൊരു വ്യാജരേഖ ഉണ്ടാക്കേണ്ട യാതൊരു കാര്യവും ഇവിടെയില്ല. ഈ രണ്ടും കേസും രണ്ടാണ്. ഇപ്പോൾ വ്യജരേഖ കേസിനെ ഭൂമിയിടപാടു കേസുമായി ബന്ധപ്പെടുത്തുന്നത് ചില കൃത്യമായ ലക്ഷ്യങ്ങൾ വച്ചുകൊണ്ടാണെന്ന് മനസ്സിലാക്കുന്നു. 2017 സെപ്ററംബർ മാസത്തിൽ ആരംഭിച്ച ഭൂമിയിട പാടു പ്രശ്നത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിയതുകൊണ്ടാണ് മാർപാപ്പ, കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവിനെ എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണ കാര്യത്തിൽ ഇടപെടരുതെന്ന് പറഞ്ഞു കൊണ്ട് അതിരൂപതയിലെ ഭരണകാര്യങ്ങൾ നിയന്ത്രിക്കാൻ മാർ ജേക്കബ് മനത്തോടത്തിനെ ഭരമേല്പിച്ചതും. മാത്രവുമല്ല ഭൂമിയിടപാടുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക ക്രമക്കേടുകളെ കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തി മാർപാപ്പയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടതു പ്രകാരം മാർ ജേക്കബ് മനത്തോടത്ത് അത് റോമിൽ സമർപ്പിച്ചിട്ടുമുണ്ട്.

ഭൂമിയിടപാടുമായി ബന്ധപ്പെട്ടുള്ള അഴിമിതി പുറത്തുകൊണ്ടുവരാൻ മുമ്പിൽ നിന്ന് പ്രവർത്തിച്ച വൈദികരെ ഈ കേസിൽ പ്രതികളാക്കി പീഡിപ്പിക്കാനുള്ള ഗൂഢലക്ഷ്യം പൊലീസിനു ഉള്ളതായി ഞങ്ങൾ സംശയിക്കുന്നു. പ്രതിയെ മാനസികവും ശാരീരകവുമായി പീഡിപ്പിച്ചുകൊണ്ട് മുകളിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശമനുസരിച്ച് വൈദികരെ പ്രതികളാക്കാനുള്ള വ്യാജസാക്ഷ്യങ്ങളുണ്ടാക്കുന്നതായി അറിയുന്നു. ഇത്തരം നിയമവിരുദ്ധമായ നടപടികൾ പൊലീസ് സ്വീകരിക്കുന്നതിനെതിരെ ഞങ്ങൾക്കുള്ള ശക്തമായ പ്രതിഷേധം അറിയിക്കുന്നു.

ഇന്ന് (20-05-2019) രാവിലെ കാക്കനാട്ട് സബ്ജയിലിൽ ആദിത്യയെ കാണാൻ ചെന്ന ആദിത്യയുടെ അച്ഛനും വികാരിയച്ചനും സുഹൃത്തുക്കളും ആദിത്യയെ കാണുകയും സംസാരിക്കുകയും ചെയ്തിരുന്നു. ആദിത്യ പറഞ്ഞതു കണ്ണീരൊടെയല്ലാതെ കേൾക്കാൻ അവർക്കു സാധിച്ചില്ല. അത്രമാത്രം അവനെ പീഡിപ്പിച്ചിട്ടാണ് പൊലീസിന്റെ നിർദ്ദേശമനുസരിച്ചുള്ള മൊഴിയെടുപ്പിച്ചത്. മാത്രവുമല്ല അവന്റെ അച്ഛന്റെ കടയിൽ ഉള്ള കംപ്യൂട്ടറിലാണ് ആദിത്യ ഈ രേഖകൾ ഉണ്ടാക്കിയത് എന്നു പറയുമ്പോൾ ആദ്യം തൊണ്ടിമുതലെടുപ്പിച്ച പൊലീസ് പിന്നീട് എന്തിനാണ് ആ തൊണ്ടിമുതൽ വീണ്ടും അവിടെ കൊണ്ടുവച്ച്

Scanned by CamScanner

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org



രണ്ടാംവട്ടവും തെളിവെടുപ്പു നടത്തിയത്. ഇത് തികച്ചും അന്യായവും സംശയാസ്പദവുമാണ്. ഇത്തരത്തിൽ സകല മനുഷ്യാവകാശങ്ങളേയും ജനാധിപത്യ നിയമങ്ങളെയും കാറ്റിൽ പറത്തി അധാർമികമായ ചോദ്യം ചെയ്യലിന് നേതൃത്വം കൊടുത്ത പൊലീസ് ഉദ്യോഗസ്ഥരെ എത്രയും വേഗം സസ്പെൻഡ് ചെയ്യണമെന്നും അന്വേഷണം നടത്തി അവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും അതിരൂപത ആവശ്യപ്പെടുന്നു.

വ്യാജരേഖയുടെ സത്യത്തെക്കുറിച്ചാണ് പൊലീസ് അന്വേഷിക്കേണ്ടത്. എറണാകുളം അങ്കമാലി അതിരൂപതയുടെ 300 ഓളം ഇടവകകളും 450 ൽ പരം വൈദികരും അതിലേറെ സന്ന്യസ്തരും അഞ്ചുലക്ഷം വിശ്വാസികളും വ്യജരേഖക്കേസുമായി ബന്ധപ്പെട്ടു നടക്കുന്ന അന്വേഷണത്തിലും നടപടികളിലും അസംതൃപ്തരാണ്. ഇവിടെ സത്യാന്വേഷണമല്ല നടക്കുന്നത്. രാഷ്ട്രീയ നേതൃത്വവും കോർപ്പേറേറ്റുകളും അതീവ താല്പര്യമെടുത്ത് നടത്തുന്ന ഈ കേസിന്റെ ഇതുവരെയുള്ള അന്വേഷണം ഞങ്ങളുടെ നിരീക്ഷണം അനുസരിച്ച് ഉന്നതങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് അതിവിദഗ്ദ്ധമായാണ് നീക്കുന്നതെന്ന് ഞങ്ങൾ സംശയിക്കുന്നു. ആദിത്യയുടെ ജീവൻ പോലും അപകടത്തിലാണെന്ന ഭയത്തി ലാണ് ആദിത്യയുടെ മാതാപിതാക്കളും അതിരൂപതയും.

ഈ കേസിൽ സത്യസന്ധമായ അന്വേഷണം ഈ അതിരൂപത സ്വാഗതം ചെയ്യുന്നു. അതിനോട് സഹകരിക്കുകയും ചെയ്യും. പക്ഷേ അതിനപ്പുറത്തേക്ക് മുൻകൂട്ടി തയ്യാറാക്കിയ ഗൂഢാലോചനകളുടെ കഥ പൊലിസിനെ കൊണ്ട് നടപ്പിലാക്കിക്കാനാണ് ശ്രമിക്കുന്നത്. അതിലുള്ള പ്രതിഷേധം ഈ അതിരൂപത ശക്തമായി അറിയിക്കുന്നു. അതിരൂപതയുടെ നേതൃത്വത്തിൽ വിശ്വാസികൾ ശക്തമായ പ്രക്ഷോഭണത്തിലേക്ക് ഇറങ്ങാൻ തീരുമാനിക്കുന്നു.

ഇപ്പോഴത്തെ അവസ്ഥയിൽ ഈ കേസിൽ ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്ന് എറണാകുളം-അങ്കമാലി അതിരൂപത ആവശ്യപ്പെടുന്നു.

*എറണാകുളം അങ്കമാലി അതിരൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ജേക്കബ് മനത്തോടത്ത്, ശ്രീ. സക്കറിയ വളവി ( ആദിത്യയുടെ അച്ഛൻ) ബിഷപ് സെബാസ്റ്റ്യൻ എടയന്ത്രത്ത്, ബിഷപ് ജോസ് പുത്തൻവീട്ടിൽ, ഫാ. പോൾ കരേടൻ (പി.ആർ.ഓ), ഫാ. കുര്യാക്കോസ് മുണ്ടാടൻ (വൈദിക സമിതി സെക്രട്ടറി) ഫാ. സണ്ണി കളപ്പുരയ്ക്കൽ, ഫാ. മാത്യു ഇടശ്ശേരി ( കോന്തുരുത്തി വികാരി), പി.പി ജെരാർദ് (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി) തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.*

*റവ. ഡോ. പോൾ കരേടൻ*
*പി.ആർ.ഒ (9447540080)*
*എറണാകുളം-അങ്കമാലി അതിരൂപത*
*20-05-2019*

Scanned by CamScanner